# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 323      13.07.2015-ൽ മറുപടിയ്ക്ക്

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.സി.കെ സദാശിവൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് നേരിയ തോതിൽ വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ പൊതുജനങ്ങൾക്കിടയിൽ ഉള്ള കുറ്റകൃത്യങ്ങൾക്കെതിരെയുള്ള അവബോധവും, സാക്ഷരതയിൽ മുൻപന്തിയിലായതിനാലും മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് പോലീസ് സ്റ്റേഷനുകളുടെ ദൂരപരിധി കുറവായതിനാലും, സംസ്ഥാനത്തെ ഏതൊരു പോലീസ് ഉദ്യോഗസ്ഥന്റെ മുമ്പിലും ഭയരഹിതമായി പരാതി സമർപ്പിക്കുവാൻ സാധിക്കുന്നതും മൂലമാണ് ഇത്തരം കേസുകളുടെ എണ്ണത്തിൽ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നേരിയ തോതിൽ വർദ്ധനവ് രേഖപ്പെടുത്തി വരുന്നത്. |
| (ബി) കുറ്റകൃത്യം ചെയ്യവർക്കെതിരെയുള്ള കേസുകളിൽ നിയമപ്രകാരമുള്ള അധികാരം പ്രയോഗിക്കേണ്ടവരെ അതിൽ നിന്നും തടയുന്നതായ സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ആവശ്യമായ തെളിവുകൾ ശേഖരിച്ച് നിയമ പ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുന്നതരത്തിലാണ് കുറ്റപത്രം തയ്യാറാക്കപ്പെടുന്നത്. ഇപ്രകാരം ശരിയായ രീതിയിൽ കേസന്വേഷണം നടത്തുന്നതിലും കുറ്റപത്രം സമർപ്പിക്കുന്ന കാര്യത്തിലും അന്വേഷണ ഉദ്യോഗസ്ഥരെ ആരെങ്കിലും തടയുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) സ്ത്രീകൾക്കെതിരായി കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടവരെ രക്ഷപ്പെടുത്തുവാൻ സഹായിക്കുകയോ ആശ്രയം നൽകുകയോ ചെയ്തതായുള്ള കേസുകൾ ഉണ്ടായിട്ടുണ്ടോ; ഇത്തരക്കാർക്കുള്ള ശിക്ഷ എന്താണെന്ന് വിശദമാക്കാമോ?

(സി) സ്ത്രീകൾക്കെതിരായി കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടവരെ രക്ഷപ്പെടുത്തുവാൻ സഹായിക്കുകയോ ആശ്രയം നൽകുകയോ ചെയ്തതായുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 212-ാം വകുപ്പ് പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ലഭിച്ചേക്കാവുന്ന ശിക്ഷാ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- മരണശിക്ഷ ലഭിച്ചേക്കാവുന്ന കുറ്റകൃത്യം ചെയ്ത പ്രതികളേയാണ് രക്ഷപ്പെടുത്തുന്നതെങ്കിൽ 5 വർഷം തടവും, പിഴയും ലഭിച്ചേയ്ക്കാം.
- ജീവപര്യന്തം തടവുശിക്ഷയോ, 10 വർഷത്തെ തടവോ ലഭിച്ചേക്കാവുന്ന കുറ്റകൃത്യം ചെയ്ത പ്രതികളേയാണ് രക്ഷപ്പെടുത്തുന്നതെങ്കിൽ മൂന്നു വർഷം തടവും, പിഴയും ലഭിച്ചേയ്ക്കാം.
- ഒരു വർഷത്തിനും 10 വർഷത്തിനുമിടയിൽ തടവു ശിക്ഷ ലഭിച്ചേക്കാവുന്ന കുറ്റകൃത്യം ചെയ്ത പ്രതികളെ രക്ഷിക്കുകയാണെങ്കിൽ ആയതിന് ലഭിക്കാവുന്ന പരമാവധി ശിക്ഷാ കാലാവധിയുടെ നാലിൽ ഒന്ന് ഭാഗം ശിക്ഷാ തടവും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ Criminal Law Amendment Act 2013 പ്രകാരം ഇത്തരം കേസുകളിൽ കർശന നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ